"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ — ശ്രീ വരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 28 (എ) പ്രകാരമുള്ള അവാർഡ് തുക കക്ഷിയായ ശ്രീ. എസ്. ശംഭു നമ്പൂതിരിക്ക് അനുവദിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1414/2024/LSGD തീയതി, തിരുവനന്തപുരം, 02-08-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 09/10/2018-ലെ എൽ.എ.ആർ. 58/2009 നമ്പർ കേസിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/11/2023 തീയതിയിലെ കെ16/191080/2019 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/12/2023 തീയതിയിലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ — ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം കക്ഷിയായ ശ്രീ. എസ്. ശംഭു നമ്പൂതിരി സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 43,35,216/- രൂപ അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ — ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2063 (L.A.Sy.No.2063/18)-ൽ ഉൾപ്പെട്ടതും ശ്രീ. എസ്. ശംഭു നമ്പൂതിരിയുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 00.58 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ്കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള അവാർഡ് തുകയായ 43,35,216/ (നാൽപത്തിമൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി ഇരുനൂറ്റി പതിനാറ് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR cases' എന്ന

ശീർഷകത്തിൽ നിന്ന് കക്ഷിയായ ശ്രീ. ശംഭു നമ്പൂതിരിക്ക് ( ശ്രീകൃഷ്ണ വിലാസം, റ്റി.സി.നം.36/1480, ശ്രീവരാഹം, മണക്കാട് പി.ഒ. തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ശംഭു നമ്പൂതിരി, ശ്രീകൃഷ്ണവിലാസം, റ്റി.സി. നം. 36/1480, ശ്രീവരാഹം, മണക്കാട് പി.ഒ.
തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 198/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 05-08-2024 17:37:49
സെക്ഷൻ ഓഫീസർ